# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1937      01.02.2018-ൽ മറുപടിക്ക്**

## ശ്രീജീവിന്റെ കസ്റ്റഡി മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ.ഡി.കെ.മുരളി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നെയ്യാറ്റിൻകര സ്വദേശി ശ്രീജീവ് പോലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. ദക്ഷിണമേഖലാ എ.ഡി.ജി.പി. യുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണ വിവരങ്ങൾ ഉൾപ്പെടുത്തിയ തൽസ്ഥിതി വിവരണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| (ബി) ശ്രീജീവിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സഹോദരൻ ശ്രീജിത്ത് മുൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ശ്രീജീവിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സഹോദരൻ ശ്രീജിത്ത് മുൻ സർക്കാരിന് സമർപ്പിച്ച അപേക്ഷ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി നൽകുകയും 14/07/2015 തീയതി അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ശ്രീജീവിന്റെ മരണം പോലീസ് പീഡനം കാരണമല്ലെന്നും ടിയാൻ |

സൂക്ഷിച്ചിരുന്ന വിഷം കഴിച്ചാണ് മരണം എന്നുമാണ് ശ്രീജിത്തിനെ മുൻ സർക്കാരിന്റെ കാലത്ത് (01.02.16) അറിയിച്ചിരുന്നത്.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശ്രീജിത്തിന്റെ പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; <br><br> (ഡി) പ്രസ്തുത കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) യും (ഡി) യും പാറശ്ശാല പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ ശ്രീജീവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പരേതന്റെ സഹോദരൻ ശ്രീ.ശ്രീജിത്ത് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ, സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ 17.05.2016-ലെ ഉത്തരവിലെ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും ശ്രീജീവിന്റെ മാതാവിനും സഹോദരനും നഷ്ടപരിഹാരമായി 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 03.09.2016-ലെ സ.ഉ.(സാധാ) നം.2810/2016/ആഭ്യന്തരം പ്രകാരം ഉത്തരവാകുകയും നഷ്ടപരിഹാരം നൽകുകയും ചെയ്തു. കൂടാതെ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ശ്രീജിത്തിന് സർക്കാരിൽ ഒരു ജോലി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മാതാവ് ശ്രീമതി.രമണി പ്രമീള നൽകിയ നിവേദനം പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ |

ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതികളൊന്നും നിലവിലില്ലാത്തതിനാൽ നിരസിക്കുകയുണ്ടായി. തുടർന്ന് ശ്രീജീവിന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് പരേതന്റെ മാതാവും സഹോദരനും നൽകിയ നിവേദനങ്ങളും പോലീസ് മേധാവിയുടെ ശുപാർശയും കൂടി പരിഗണിച്ച് പ്രസ്തുത കേസ്സ് സി.ബി.ഐ. അന്വേഷിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 08.06.2017-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ശക്തമായി അഭ്യർത്ഥിച്ചതിനൊടുവിൽ പ്രസ്തുത കേസ്സ് സി.ബി.ഐ. ഏറ്റെടുത്തു കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും കേസിന്റെ അന്വേഷണം 24.01.2018-ന് ഡി.വൈ.എസ്.പി. സ്പെഷ്യൽ ക്രൈംബ്രാഞ്ച്, സി.ബി.ഐ. തിരുവനന്തപുരം യൂണിറ്റിന് നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**